# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.172/PR/PIC/PHQ/18 Date : 08.07.2018

---

**പത്രക്കുറിപ്പ്**

കഴിഞ്ഞ എതാനും ദിവസങ്ങളായി ബൊളീവിയയിൽ നിന്നുള്ളതാണെന്ന പേരിൽ അറിയപ്പെടാത്ത ചില നമ്പരുകളിൽ നിന്നും മൊബൈൽ കോളുകൾ പലർക്കും വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. +5, +4 തുടങ്ങിയ നമ്പരുകളിൽ ആരംഭിക്കുന്നതാണ് ഇത്തരം കോളുകൾ. ഈ കോളുകളുടെ ഉറവിടവും ഉദ്ദേശവും സംബന്ധിച്ച് സേവനദാതാക്കളുമായി ബന്ധപ്പെട്ടുള്ള അന്വേഷണം പോലീസ് ഹൈടെക് സെൽ ആരംഭിച്ചിട്ടുണ്ട്. ഇത്തരം മിസ്ഡ് കോൾ കണ്ട് തിരിച്ചുവിളിച്ചവർക്ക് ഫോണിലെ റീചാർജ്ജ് ബാലൻസ് ഇനത്തിൽ കൂടുതൽ തുക നഷ്ടപ്പെട്ടതായും പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരം അറിയപ്പെടാത്തതോ സംശയാസ്പദമായതോ എവിടെനിന്നാണെന്നറിയാത്തതുമായ നമ്പരിൽ നിന്നുള്ള മൊബൈൽ ഫോൺ കോളുകൾ അറ്റൻഡ് ചെയ്യുന്നതും മിസ്ഡ് കോൾ കണ്ട് തിരിച്ച് വിളിക്കുന്നതും ഒഴിവാക്കണമെന്ന് ഹൈടെക് സെൽ അറിയിച്ചു.

*****************